**No. C3/85350 /2015/PHQ/2015**

പോലീസ് ആസ്ഥാനം, കേരളം

തിരുവനന്തപുരം - 695010

തീയതി : 08/06/2015

**സർക്കുലർ നമ്പർ: 17/2015**

വിഷയം: **Clean Campus – Safe Campus (ശുചിത്വ വിദ്യാലയം - സുരക്ഷിത വിദ്യാലയം) – Phase 2 (രണ്ടാം ഘട്ടം) - തുടർ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.**

വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും മയക്കുമരുന്നുകളുടെ ഉപയോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹ്യവിപത്തും ഇല്ലാതാക്കുന്നതിനും വേണ്ടിയാണ് 2014 മെയ് മാസം Govt. order No. GO(MS) No.170/2014/Home dated; 28.08.2014 പ്രകാരം Clean Campus – Safe Campus പദ്ധതി പ്രവർത്തനം തുടങ്ങിയത്. ഇതുമൂലം നിരവധി കുട്ടികൾക്കും കുടുംബങ്ങൾക്കും, നമ്മുടെ സമൂഹത്തിന് മൊത്തത്തിലും പ്രയോജനവും ആശ്വാസവും ലഭിക്കുകയുണ്ടായി. 8000-ലധികം പ്രതികളെ പിടിക്കുകയും 8400 കേസുകൾ എടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ-കോളേജ് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയുണ്ടായി. പ്രശസ്ത സിനിമാതാരം ശ്രീ.മമ്മൂട്ടി ഇതിന്റെ ബ്രാന്റ് അംബാസിഡറായി പ്രവർത്തിച്ചുവരികയാണ്.

Clean Campus – Safe Campus പദ്ധതിയുടെ 2-ാം ഘട്ടം 2015 ജൂൺ 26-ാം തീയതി ഔദ്യോഗികമായി ആരംഭം കുറിക്കുകയാണ്. ഇത് കോഴിക്കോട്ടുവെച്ച് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജൂൺ 26 മയക്കുമരുന്നിനും മയക്കുമരുന്നിന്റെ വ്യാപനത്തിനും വ്യാപാരത്തിനും എതിരെയുള്ള ലോക ദിനമാണ്.

മയക്കുമരുന്നിന്റെ ഉപയോഗവും, വിൽപനയും തടയുന്നതിന് ഇതിന്റെ വിതരണക്കാരെയും, ഇത് ഉപയോഗിക്കുന്നവരേയും, ഇത് മറ്റ് സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് ശേഖരിച്ച് സൂക്ഷിക്കുന്നവരേയും കണ്ടുപിടിച്ച് ക്രിമിനൽ നടപടിക്രമങ്ങളും, അതോടൊപ്പം ഈ മാരക വിപത്തിനെതിരെ ബോധവൽക്കരണവും നടത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. ജില്ലകളിലെ നർക്കോട്ടിക് സെല്ലുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്. ജില്ലാ നർക്കോട്ടിക് സെല്ലിന്റെ ഇതുവരെയുള്ള